**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1331

04.02.2019- ൽ മറുപടിയ്ക്ക്

## പുതുപ്പാടി വില്ലേജിലെ പട്ടയവിതരണം

| ചോദ്യം<br>**ശ്രീ.ജോർജ്ജ് എം. തോമസ്** | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പുതുപ്പാടി വില്ലേജിലെ ചെറുപ്ലാട് വനഭൂമി നിവാസികൾ, തിരുവമ്പാടി വില്ലേജിലെ പാമ്പിഴഞ്ഞപാറ നിവാസികൾ എന്നിവർ ദീർഘകാലമായി പട്ടയത്തിന് അപേക്ഷ നൽകിയിട്ടും അവ അനുവദിക്കുന്നതിന് കാലതാമസം നേരിടേണ്ടി വന്നതെന്തുകൊണ്ടെന്നു വ്യക്തമാക്കുമോ; | (എ) | ഈങ്ങാപ്പുഴ വില്ലേജിലെ (പഴയ പുതുപ്പാടി വില്ലേജ്) ചെറുപ്ലാട് വനഭൂമി നിവാസികൾ പ്രസ്തുത സ്ഥലം വർഷങ്ങളായി കൈവശം വച്ച് വരുന്നുണ്ടെങ്കിലും പട്ടയം ലഭിക്കുന്നതിനുള്ള നിയമാനുസൃതമായ അപേക്ഷകൾ ഈ അടുത്ത കാലത്താണ് സമർപ്പിച്ചിട്ടുള്ളത്. ആയതിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. തിരുവമ്പാടി വില്ലേജിലെ പാമ്പിഴഞ്ഞപാറ എന്ന സ്ഥലം സ്വകാര്യ ഭൂമിയായതിനാൽ അന്യം നിൽപ്പ് ഭൂമി ആക്കി മാറ്റിയതിനുശേഷമേ പട്ടയം അനുവദിക്കുന്നതിന് സാധിക്കുകയുള്ളൂ. |
| (ബി) ഇവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;<br>(സി) പട്ടയം എന്ന് വിതരണം ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി)<br>&<br>(സി) | ചെറുപ്ലാട് വനഭൂമി നിവാസികളുടെ അപേക്ഷയിന്മേൽ 12 (1) നോട്ടീസ് തയ്യാറാക്കി വരുന്നതും ആയത് ഉടൻ പരസ്യപ്പെടുത്തി തുടർനടപടി സ്വീകരിക്കുന്നതാണെന്നും പാമ്പിഴഞ്ഞപാറയിലെ സ്വകാര്യ ഭൂമി അന്യം നിൽപ്പ് ഭൂമി ആക്കി മാറ്റുന്നത് സംബന്ധിച്ച് ബഹു.സബ് കളക്ടർക്ക് 24/01/2019-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് എന്നും നിയമാനുസൃത നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ് എന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

Indu.S.S

സെക്ഷൻ ഓഫീസർ